FOR PRIVATE CIRCULATION

# SFC News

ശാരോൻ
ഫെലോഷിപ്പ്
ചർച്ചിന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

VOL. 3 | ISSUE 10 | 2018 NOVEMBER - DECEMBER




ശാരോൻ ഫെലോഷിപ്പ്
ചർച്ചിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ
ഡോ. റ്റി.പി. എബ്രഹാം സന്ദേശം നല്കുന്നു.

SFC News

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

# ഉള്ളടക്കം

Vol : 3 / Issue 10
2018 November - December

**എഡിറ്റോറിയൽ ബോർഡ് :**
ഡോ. റ്റി.പി. ഏബ്രഹാം
പാസ്റ്റർ കെ.റ്റി. തോമസ്
പാസ്റ്റർ വി.ജെ. തോമസുകുട്ടി
പാസ്റ്റർ റോയി ചെറിയാൻ
ബ്രദർ ജോയി സി. ഡാനിയേൽ

**എഡിറ്റർ ഇൻ ചാർജ്ജ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

സഭാ വാർത്തകൾ
എല്ലാ മാസവും 5-ാം തീയതിക്കു
മുമ്പ് ഓഫീസിലേയ്ക്ക്
അയയ്ക്കേണ്ടതാണ്

**ലേഖനങ്ങൾ, അഭിപ്രായങ്ങൾ, വാർത്തകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം**

**എസ്.എഫ്.സി. ന്യൂസ്**
ശാരോൻ ഫെലോഷിപ്പ് ചർച്ച്,
പി.ബി. നമ്പർ 10
തിരുവല്ല - 689 101
കേരള, ഇന്ത്യ

email:
sfcnewstvla@gmail.com
Ph: 0469-2607979
9447861098

Layout : Global, Tvla
Printed at : Evangel Press, Tvla

**2** *എഡിറ്റോറിയൽ*
സുവിശേഷമാകാം... സുവിശേഷമേകാം..

**3** *പ്രസിഡന്റിന്റെ സന്ദേശം*
ദൈവം നമ്മോടുകൂടെ



**4** ദൃഷ്ടാന്തങ്ങളെ പ്രമാണമാക്കുന്നവർ

**6** പ്രവർത്തന റിപ്പോർട്ട്

**8** ഫിലേമോനു എഴുതിയ ലേഖനവും യോബേൽ സംവത്സരവും



**9** പുതിയ നിയമനങ്ങൾ

**11** ഓഫീസ് ബിൽഡിങ്ങ് ഫണ്ട്

**16** വാർത്തകൾ

SHARON FELLOWSHIP CHURCH NEWS

## എഡിറ്റോറിയൽ





# സുവിശേഷമാകാം... സുവിശേഷമേകാം..

അടുത്തയിടെ ഏറെ വിവാദങ്ങൾക്കു വഴി തെളിച്ച ആത്മകഥയാണ് ഡോ. ജേക്കബ് തോമസിന്റെ 'സ്രാവുകൾക്കൊപ്പം നീന്തുമ്പോൾ' എന്ന പുസ്തകം. ഇതിൽ വളരെ ചിന്തനീയമായ ഒരു അനുഭവം രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ഹൈദരാബാദിലെ പോലീസ് അക്കാദമിയിൽ ഐ.പി.എസ് ട്രെയിനിയായിരിക്കുന്ന കാലം. തന്റെ ബാച്ചിലെ ട്രെയിനികളിലാരോ സ്ഥാപനത്തിന്റെ ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. പി.ഡി. മാളവ്യയെ സമീപിച്ച് സ്ഥാപനത്തിന്റെ തിരിച്ചറിയൽ കാർഡ് നൽകണമെന്നാവശ്യപ്പെട്ടു. അതിന് ശ്രീ മാളവ്യ നൽകിയ മറുപടി ഇങ്ങനെയായിരുന്നു: നിങ്ങളുടെ നടത്തം കൊണ്ട്, സംസാരം കൊണ്ട്, പെരുമാറ്റം കൊണ്ട് ഐ.പി.എസ് ഉദ്യോഗസ്ഥരാണെന്ന് ഹൈദരബാദിലെ ജനങ്ങൾ തിരിച്ചറിയണം. അല്ലാതെ തിരിച്ചറിയൽ കാർഡ് പുറത്തു കാണിക്കുമ്പോഴല്ല.

ക്രിസ്ത്യാനിത്വത്തിലും ഇതു വളരെ പ്രസക്തമാണ്. ക്രിസ്തുവിന്റെ അനുയായികളാണെന്ന് ലോകം നമ്മെ തിരിച്ചറിയേണ്ടത് എങ്ങനെയാണെന്ന് ബൈബിൾ വളരെ വ്യക്തമായി പറഞ്ഞു നൽകിയിട്ടുണ്ട്. അത് പെരുമാറ്റത്തിലും ജീവിതശൈലിയിലുമുള്ള വെളിപ്പെടുത്തലുകളുടെ പരമ്പരകളിലൂടെയാകണം.

സുവിശേഷം പ്രസംഗിക്കുക എന്നത് സഭയുടെ ദൗത്യ നിർവഹണ ശുശ്രൂഷയിലെ കാതലായ നിർദ്ദേശമാണ്. വ്യക്തിഗത സുവിശേഷീകരണം, കൺവൻഷനുകൾ, പരസ്യയോഗങ്ങൾ തുടങ്ങിയുള്ള മാധ്യമങ്ങളെല്ലാം ഇതിനായി നാം പ്രയോജനപ്പെടുത്തുന്നു. ഇതിന്റെയെല്ലാം അനന്തരഫലം എക്കാലവും സഭാ വളർച്ചയിൽ നാം ദർശിച്ചിട്ടുണ്ട്. ഇനിയും അതു തുടരുകയും വേണം.

അതേ സമയം തന്നെ നാം മറക്കരുതാത്ത മറ്റൊരു യാഥാർഥ്യം കൂടിയുണ്ട്. അത് നമ്മുടെ ക്രിസ്തീയ ജീവിത സാക്ഷ്യം വെളിപ്പെടുത്തുക എന്നതാണ്. കേവലം വാക്കുകളിൽ മാത്രം ഉയർത്തപ്പെടേണ്ട ഒന്നല്ല ഈ സാക്ഷ്യം, ജീവിത ശൈലികളിലൂടെ വെളിപ്പെടുത്തേണ്ടതാണ്. ഉത്ഥിതനായ ക്രിസ്തു ശിഷ്യന്മാരോടു പറഞ്ഞത് "നിങ്ങൾ എന്റെ സാക്ഷികൾ ആകും" (അപ്പൊ.പ്ര.1:8) എന്നാണ്. രണ്ട് അർത്ഥങ്ങൾ ഇതിനു കൽപ്പിക്കാം. ഒന്നാമത്തേത് സാക്ഷ്യം പറയുന്നതാണ്. അടുത്തത്, സാക്ഷിയായി ജീവിക്കുന്നതാണ്. ഇതു രണ്ടും ചേരുമ്പോൾ മാത്രമേ ദൗത്യനിർവഹണം പൂർത്തീകരണത്തിലേക്ക് എത്തുകയുള്ളൂ.

ആദിമ സഭ ഇവയ്ക്കു രണ്ടും തുല്യ പ്രാധാന്യം നൽകിയിരുന്നതായി മനസിലാക്കാം. ലഭ്യമായ സമയവും സാധ്യതകളുമെല്ലാം ക്രിസ്തുവിനെ വാക്കുകളിൽ ഉയർത്തുന്നതിനായി അവർ പരിശ്രമിച്ചു. അതേ സമയം തന്നെ, തങ്ങൾ പ്രസംഗിക്കുന്ന യേശുവിനെ ജീവിതത്തിലൂടെ ലോകത്തിനു മുന്നിൽ വെളിപ്പെടുത്തി കാണിക്കാനും അവർ മറന്നില്ല. അവരുടെ ഈ ജീവിത ശൈലിയാണ് ലോകം ശ്രദ്ധിച്ചത്. "അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാൽ.... യേശുവിനോടു കൂടെയുള്ളവർ എന്നു അറിഞ്ഞു" (പ്രവൃ.4:13) എന്ന പ്രസ്താവന ഇതു സാധൂകരിക്കുന്നു.

ലോകത്തിനു മുന്നിൽ എക്കാലവും തങ്ങളുടെ ജീവിത സാക്ഷ്യം ഉയർത്തി പിടിച്ചതു കൊണ്ട് അപ്പൊസ്തലന്മാർ മറ്റുള്ളവരെ നോക്കി പറയുമായിരുന്നു; വെള്ളിയും പൊന്നും ഞങ്ങൾക്കില്ല.... ഞങ്ങളെ നോക്ക്. എന്നാൽ ഇന്ന് വെള്ളിയും പൊന്നും ഞങ്ങൾക്കുണ്ട്... ഞങ്ങളെ നോക്കണ്ട, ക്രിസ്തുവിനെ നോക്ക് എന്നു തിരുത്തിപ്പറയേണ്ട സാഹചര്യം നമ്മുടെ സമൂഹത്തിനുണ്ടായി.

യോഹന്നാൻ ലേഖനമെഴുതിയപ്പോൾ കുറിച്ചത് "കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടാൻ പിതാവു നമുക്കു ഇത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു" എന്നാണ്. ദൈവമക്കൾ എന്ന പേരിലാണ് നാം വിളിക്കപ്പെടേണ്ടത്. പെന്തെക്കോസ്തു ചർച്ചിൽ പോകുന്നതുകൊണ്ട് 'പെന്തെക്കോസ്തുകാർ' എന്നു വിളിക്കപ്പെടാൻ എളുപ്പമാണ്. 'ശാരോൻകാർ' എന്നു അറിയപ്പെടാനും പ്രയാസമില്ല. ബൈബിൾ എടുത്തു നടക്കുന്നതിനാൽ 'വിശ്വാസികൾ' എന്നും വിളിക്കപ്പെടാം. പക്ഷേ ദൈവമക്കൾ എന്നു വിളിക്കപ്പെടണമെങ്കിൽ ദൈവത്തെ വെളിപ്പെടുത്തണം.

നമ്മുടെ വാക്കുകളിലും പെരുമാറ്റത്തിലും കൈകളിലും മുഖത്തുമെല്ലാം മറ്റുള്ളവർ യേശുവിനെ വായിക്കട്ടെ. അതിനുതകുന്നതാകട്ടെ നമ്മുടെ ജീവിതം. അപ്പോഴാണ് സുവിശേഷമേകുന്നതിനൊപ്പം സുവിശേഷമാകാൻ നമുക്ക് കഴിയുന്നത്.

**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**



# ദൈവം നമ്മോടുകൂടെ

## പ്രസിഡന്റിന്റെ സന്ദേശം



റവ. ജോൺ തോമസ്

**റോ**മർ 8:28 പറയുന്നു "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്ക്, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്ക് തന്നേ സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്ന് നാം അറിയുന്നു."

പ്രശസ്തനായ ഒരു പ്രഭാഷകൻ ഒരിക്കൽ ഇപ്രകാരം ചില ചോദ്യങ്ങൾ ചോദിച്ചു. മനുഷ്യർ എന്നനിലയിൽ നമ്മുടെ മനസിലും സാധാരണ ഉയരുന്ന ചില ചോദ്യങ്ങളാണവ.

രോഗവും കഷ്ടവും നഷ്ടവും വെള്ളപ്പൊക്കവും തീപിടുത്തവും പട്ടിണിയുമൊക്കെ എങ്ങനെയാണ് ഇവയൊക്കെ നമ്മുടെ നന്മയ്ക്കായി കൂടി വ്യാപരിക്കുന്നു എന്നു പറയുവാൻ കഴിയുക? ദൈവസാന്നിധ്യത്തെ ഏറ്റവും കൂടുതൽ സംശയിക്കുന്നതെപ്പോഴാണ്? ഒരു പ്രതിസന്ധി ഘട്ടത്തിൽ നിങ്ങളിലുള്ള കാഴ്ചപ്പാട് ദൈവം നമ്മുടെ പക്ഷത്തുണ്ട് എന്ന ചിന്തയിലേക്ക് മാറുന്നതെങ്ങനെയാണ്? ജീവിതത്തിൽ ശോധനകൾ വർധിക്കുമ്പോൾ ദൈവം ഇന്നും പ്രവർത്തിക്കുന്നു എന്നു കാണുവാനുള്ള വിശ്വാസത്തിനായി നാം ദൈവത്തോട് അപേക്ഷിക്കാറുണ്ടോ?

പൗലോസിന് ദൈവത്തിലുള്ള പരിപൂർണ്ണ വിശ്വാസത്തെ മനസിലാക്കുവാൻ ഒരു ദൈവപൈതലിനു സാധിക്കും. യേശു ഇപ്രകാരം പറയുന്നു, കാശിന് രണ്ടു കുരികിൽ വിൽക്കപ്പെടുന്നില്ലയോ? അവയിൽ ഒന്നു പോലും നിങ്ങളുടെ പിതാവ് സമ്മതിക്കാതെ നിലത്ത് വീഴുകയില്ല. ഏറിയ കുരികിലിനേക്കാളും നിങ്ങൾ വിശേഷതയുള്ളവരല്ലോ? യേശു പറഞ്ഞ ഈ തത്വം പൗലോസിനു മനസ്സിലായി. നമ്മുടെ സ്വർഗ്ഗീയ പിതാവ് അറിയാതെയല്ല നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും സംഭവിക്കുന്നത്. കൃത്യമായ സമയങ്ങളിൽ ദൈവത്തിന്റെ ശക്തമേറിയ ഇടപെടലുകൾ പൗലോസ് തന്റെ ജീവിതത്തിൽ അനുഭവിച്ചു കൊണ്ടിരുന്നു. കഷ്ടത, പട്ടിണി, ഉപദ്രവം, കപ്പൽഛേതം, കാരാഗ്രഹം എന്നിങ്ങനെ താൻ അനുഭവിച്ച സകല പ്രയാസങ്ങളും തന്റെ വിശ്വാസത്തെ കൂടുതൽ ബലപ്പെടുത്തുകയും കർത്താവിന്റെ വേലയിൽ വർധിച്ചു വരുവാൻ ശക്തി പകരുകയും ചെയ്തു. മത്സരികളായ യിസ്രായേൽ ജനത്തെ നയിക്കുക എന്ന വെല്ലുവിളിയുടെ മുൻപിലായിരുന്ന ചെറുപ്പക്കാരനായ യോശുവയോട് ദൈവം ഇപ്രകാരം ചോദിച്ചു; 'നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോട് കൂടെ ഉള്ളത് കൊണ്ട് ഉറപ്പും ധൈര്യവുമുള്ളനായിരിക്ക; ഭയപ്പെടരുത്, ഭ്രമിക്കുകയും അരുത് എന്ന് ഞാൻ നിന്നോട് കല്പിച്ചുവല്ലോ?' (യോശുവ 1:9).

തീച്ചൂളയിലേക്ക് വലിച്ചെറിയപ്പെട്ട ബാലന്മാർക്കൊപ്പം ദൈവം നടക്കുന്ന നെബുഖദ്നേസർ രാജാവ് പ്രസ്താവിക്കുന്നത് ദാനിയേൽ 3-ാം അദ്ധ്യായത്തിൽ നമുക്ക് കാണുവാൻ കഴിയും.

ഇണങ്ങുവാൻ പ്രയാസമുള്ള കാക്കയോട്, ഒരു തവണയല്ല, കെരീത്ത് തോട്ടിലെ വെള്ളം വറ്റുന്നത് വരെ പൂർണ്ണ വളർച്ചയെത്തിയ ഒരു മനുഷ്യന് ആവശ്യമായ ആഹാരം കൊണ്ടെത്തിക്കുവാൻ ദൈവം കല്പിച്ചു. വിശന്നലയുന്ന പ്രവാചകനെ പോഷിപ്പിക്കുവാൻ (ഒരു നേരത്തെ ആഹാരത്തിനു മാത്രം വകയുള്ള) സീദോനിലെ സാരാഫാത്തിലെ വിധവയോട് ദൈവം കല്പിച്ചു (1രാജാ.17). അഞ്ചപ്പവും രണ്ട് മീനും മാത്രമുള്ള ബാലനെ ഒന്ന് ഓർക്കുക. ആ പർവ്വതത്തിനരികെ കൂടി വന്ന 5000 പുരുഷന്മാർക്ക് സംതൃപ്തിയാകുന്നത് വരെ പോഷിപ്പിക്കുവാനും, അധികം ആഹാരം ബാക്കിയായതും നമുക്ക് അറിയാം (യോഹ.6). നമ്മുടെ കയ്യിലുള്ള അല്പത്തിൽ നിന്ന് അധികമായതിനെ ഉളവാക്കുവാൻ ദൈവത്തിനു കഴിയും. കാരാഗ്രഹത്തിൽ കിടക്കുമ്പോഴും പൗലോസിനും ശീലാസിനുമുണ്ടായിരുന്ന പ്രതികരണ മനോഭാവം കാരാഗൃഹപ്രമാണിയെ രക്ഷയുടെ അനുഭവത്തിൽ കൊണ്ടെത്തിച്ചു (പ്രവർത്തികൾ 16). പ്രതിസന്ധികളിലുള്ള നമ്മുടെ പ്രതികരണങ്ങൾ മറ്റുള്ളവരിൽ രൂപാന്തരമുളവാക്കുന്നുണ്ടോ? നമ്മുടെ പ്രതിസന്ധി ഘട്ടങ്ങളിൽ, ദൈവം നമുക്കെപ്പോഴുമൊരു പോക്കുവഴിയും നൽകും (1കൊരിന്ത്യർ 10:13) 'ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലോ തിരുവുള്ളം ഉണ്ടായിട്ട് പ്രവർത്തിക്കുന്നത് എന്ന് ഫിലിപ്പ്യർ 2:13 പറയുന്നു. ആരാധനയിൽ വാപൃതരായിരിക്കുന്ന, സമർപ്പണത്തോടെ അനുഗമിക്കുന്ന, അർപ്പണ ബോധത്തോടെ ശിഷ്യരാകുന്ന വിശ്വാസികളിൽ അവൻ പ്രസാദിക്കുന്നു. അത് ഒറ്റ രാത്രി കൊണ്ട് സംഭവിക്കുന്നതല്ല. ഇത് ഒരു പ്രക്രിയയാണ്. ഈ പ്രക്രിയ നമ്മെ അപ്രതീക്ഷിതമായ ദിശകളിലേക്കും ശോധനകളിലേക്കും നയിക്കും. ദൈവം നമ്മുടെ പക്ഷത്തുണ്ടെന്ന് ഓർക്കുക. നാം നേരിടുന്ന എതിർപ്പുകളെയും പ്രതിസന്ധികളെയും പ്രലോഭനങ്ങളെയും നമുക്കത് ധരണം ചെയ്യാൻ കഴിയുമെന്ന് അവൻ കാണുന്നു. ഒരു മനുഷ്യന്റെ വഴിയിൽ പ്രസാദം തോന്നിയാൽ യഹോവ അവന്റെ ഗമനം സ്ഥിരമാക്കുന്നു,' എന്ന് സങ്കീർത്തനം 37:23 ഓർമിപ്പിക്കുന്നു. ആകയാൽ നല്ല ധൈര്യമുള്ളവരാകുക. മരണത്തിന്റെ ശക്തിയെ തകർത്തവൻ നമ്മെ പരിപാലിക്കുന്നു. ■



# ദൃഷ്ടാന്തങ്ങളെ പ്രമാണമാക്കുന്നവർ

**പാസ്റ്റർ ടൈറ്റസ് ജോൺസൻ**

**പു**തിയനിയമ വിശ്വാസിക്ക് പഴയനിയമം എന്തിനെന്ന് 1കൊരി.10:11 ൽ വ്യക്തമായി എഴുതിയിരിക്കുന്നു. അവിടെ പറയുന്നു: 'നമ്മുടെ ബുദ്ധിയുപദേശത്തിനായി അതെല്ലാം ദൃഷ്ടാന്തമായി എഴുതിയിരിക്കുന്നു.' പുതിയനിയമ വീക്ഷണത്തിൽ, പഴയനിയമത്തെ ഏറ്റവും കുറഞ്ഞത് നാല് രീതിയിൽ മനസ്സിലാക്കണം.

1)പഴയനിയമം നിഴലാകയാൽ അവയിൽ ക്രിസ്തുവിൽ നിവർത്തിക്കപ്പെട്ടവ.

2) യേശു പരിഷ്കരിച്ചവ: ചില പഴയനിയമ പ്രമാണങ്ങളെ യേശു സുവിശേഷങ്ങളിൽ പരിഷ്കരിച്ചു പറഞ്ഞിട്ടുണ്ട്. 'മോശ നിങ്ങൾക്ക് നൽകിയ പ്രമാണത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു; ഞാനോ നിങ്ങളോട് ഇങ്ങനെ പറയുന്നു' എന്ന് വിശദമാക്കി അവയെ മനസ്സിലാക്കിത്തരുന്നു.

3) പൌലോസും ഇതര ലേഖകരും വെളിപ്പെടുത്തിത്തന്നവ: റോമർ, കൊരിന്ത്യർ, ഗലാത്യർ, എബ്രായർ തുടങ്ങി ഓരോ ലേഖനത്തിലും പല പഴയനിയമ വസ്തുതകളുടെയും പൊരുൾ വ്യക്തമാക്കിയിട്ടുണ്ട്.

4)യഹൂദൻ, സഭ, ലോകം ഇവയോടുള്ള ബന്ധത്തിൽ നിറവേറിയതും നടക്കുവാനുള്ളതുമായ പ്രവചനങ്ങൾ.

എന്നാൽ ഇവയെ വേർതിരിച്ചറിയാതെ ഇന്നും പല പ്രഭാഷകരും ഊന്നൽ നൽകുന്നത് പഴയനിയമത്തിലാണ്. അവർ പ്രസംഗവിഷയം കണ്ടെത്തുന്നത് പുതിയനിയമത്തിൽ നിന്നല്ല. പലപ്പോഴും അവർ മുഴുവൻ പ്രസംഗത്തിലും പഴയനിയമത്തെ വിഷയമാക്കുന്നു. 'ഏലിയാവിന്റെ കയ്യിലെ കല്ലും ദാവീദിന് അപ്പം കൊടുത്ത കാക്കയും' എന്നൊക്കെ വിളിച്ചുപറഞ്ഞു ഇവർ വിവരക്കേടിന്റെ അങ്ങേത്തലക്കൽ എത്തുമ്പോഴേക്കും ആത്മാവിലാകുന്ന ജനത്തിന്റെ അറിവ് അതിലും കഷ്ടം!!! പശ്ചാത്തലം മനസ്സിലാക്കാതെ പഴയനിയമവും പുതിയനിയമവും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നവരും ഇന്ന് കുറവല്ല. ഇങ്ങനെയുള്ളവരോട് ഒരു ചോദ്യം? നമ്മൾ അക്ഷരാർഥത്തിൽ, ദൃഷ്ടാന്തങ്ങൾ, കഥകൾ, ഉദാഹരണങ്ങൾ ഇവ ഉപയോഗിക്കുന്നത് എങ്ങനെയാണ്? അല്ലെങ്കിൽ എന്തിനാണ്?

പഠിപ്പിക്കുന്ന സിദ്ധാന്തത്തെ, നിയമത്തെ, അല്ലെങ്കിൽ വേഗത്തിൽ മനസ്സിലാക്കുവാൻ കഴിയാത്ത കാര്യങ്ങളെ ലളിതമായി കേഴ്വിക്കാർക്ക് മനസ്സിലാക്കി നല്കുന്നതിനല്ലേ? അത് മാത്രമല്ല, ഒരു പ്രഭാഷണത്തിന്റെയും ഉള്ളടക്കം മുഴുവനും ഒരിക്കലും ഉദാഹരണങ്ങളും ദൃഷ്ടാന്തങ്ങളും ആയിരിക്കില്ലല്ലോ. അങ്ങനെയെങ്കിൽ, ക്രിസ്തീയജീവിതത്തിന്റെയും ശുശ്രൂഷകളുടെയും അടിസ്ഥാന പ്രമാണങ്ങൾ പുതിയനിയമമാണ്. അതിനെ ലളിതമായി മനസ്സിലാക്കുന്നതിന് സഹായിക്കുന്ന ചരിത്രസംഭവങ്ങളാണ് പഴയനിയമത്തിന്റെ ഉള്ളടക്കം. പഴയനിയമ കഥാപാത്രങ്ങളുടെ ജീവചരിത്രമോ, ഇസ്രായേലിന്റെ ചരിത്രത്തിൽ നിന്നുള്ള സംഭവങ്ങളോ അവസരോചിതമായി ദൃഷ്ടാന്തങ്ങളായി ഉപയോഗിക്കാം. എന്നാൽ അവ ഉപദേശങ്ങൾ അല്ല. ക്രിസ്തീയ ഉപദേശങ്ങൾ പുതിയനിയമത്തിലാണ്. പുതിയനിയമ ഉപദേശങ്ങളെ ഊന്നൽ നൽകി പഠിപ്പിക്കുന്നില്ല എന്നത് ഇന്നിന്റെ അപര്യാപ്തതയാണ്. വിശ്വാസം, സഹിഷ്ണുത, സ്നേഹം ഇവയിൽ ആരോഗ്യമുള്ളവരായി (തീത്തോസ് 1:13; 2:1,2) ജനം തീരണം എന്ന് വചനം നമ്മോട് ആവശ്യപ്പെടുന്നു. ഇതിനെ ആധ്യാത്മിക ആരോഗ്യം (spiritual health) എന്ന് നമുക്ക് വിശേഷിപ്പിക്കാം.

ദൃഷ്ടാന്തങ്ങളെ പ്രസംഗവിഷയമാക്കുന്ന പ്രവണത ഇന്ന് കൂടിവരുന്നു. ദൈവശാസ്ത്രപരമായ വിദ്യാഭ്യാസം ഇല്ലാത്തവരായി, ശുശ്രൂഷ അവകാശപ്പെടുന്നവരാണ് ഇങ്ങനെ ചെയ്യുന്നവരിലധികവും. ഒരു കാലത്ത് പുതിയനിയമ സത്യങ്ങൾ പഠിപ്പിക്കുന്നതിന് ഗൗരവം നൽകിയിരുന്ന പിതാക്കളുടെ പിൻതലമുറയും തിരുവചനത്തിൽ കരുത്തില്ലാത്തവരാണ് എന്നതും ഇന്നിന്റെ ദുരവസ്ഥയാണ്! കൂട്ടായ്മാസംഘങ്ങളും, നവപെന്തക്കോസ്തും ടി.വി. ചാനലുകളും ഇന്റർനെറ്റും 'സ്വയം

**സഭകളിൽ 'കഥാപ്രസംഗകരുടെ' എണ്ണം സാത്താൻ വർദ്ധിപ്പിക്കുന്നു. അതുകേട്ടു ജനം ദേഹിയിൽ സന്തോഷിക്കുന്നു. ദേഹി സജീവമാകുമ്പോൾ അത് ശരീരത്തെ പ്രാകൃതവും ജഡികവുമായ ചിന്തകൾക്കായും, പ്രവർത്തികൾക്കായും സജീവമാക്കും. അങ്ങനെയുള്ള വ്യക്തികൾ സഭയുടെ തകർച്ചയ്ക്ക് ഉപാധിയാകും. ഇത് ശത്രുവിന്റെ തന്ത്രപരമായ നീക്കമാണ്.**

പ്രഖ്യാപിത പ്രഭാഷകരുടെ' അജ്ഞതയുടെ ഇരകളാണ്. അവർ കഥകൾ പ്രസംഗങ്ങൾ ആക്കുന്നു.

പൌലോസ് തിമോഥെയോസിന് മുന്നറിയിപ്പ് നൽകി: 'അവർ പഥ്യോപദേശം (sound dotcrine) പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും' (2 തിമോ. 4:3,4). ഇവിടെ പിശാച് അതിവിദഗ്ദമായി മുതലെടുക്കുകയാണെന്ന് അവരറിയുന്നില്ല. അവരെ കേൾക്കുന്ന ജനം ആത്മീയ വളർച്ച പ്രാപിക്കാതെ വഞ്ചിക്കപ്പെടുന്നു. 'വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്;.....' എന്ന് പൌലോസ് എഫെസോസിലെ സഭയെയും ഓർപ്പിക്കുന്നുണ്ട് (എഫെ.5:6).

അതായത്, പുതിയനിയമ പ്രമാണങ്ങൾ മനസ്സിലാക്കിയാൽ മാത്രമേ ക്രിസ്തുശിഷ്യൻ ആത്മീയമായി വളർച്ച പ്രാപിക്കൂ. അങ്ങനെ അവൻ അകത്തെമനുഷ്യനിൽ കരുത്തനാകുമ്പോൾ, നിത്യതയ്ക്കായി ഒരുക്കപ്പെടുന്നു. ഇങ്ങനെ ഒരുക്കപ്പെടുന്നവർ ദൈവരാജ്യ വ്യാപ്തിയ്ക്ക് മുൻഗണന നൽകുന്നു. അത് പിശാചിന് ഭീഷണിയാകും. സഭാസ്ഥാപനം മുതൽ ഇത് വ്യക്തമായി അറിയാവുന്ന സാത്താൻ, സഭകളിൽ 'കഥാപ്രസംഗകരുടെ' എണ്ണം വർധിപ്പിക്കുന്നു. അതുകേട്ടു ജനം ദേഹിയിൽ സന്തോഷിക്കുന്നു. ദേഹി സജീവമാകുമ്പോൾ അത് ശരീരത്തെ പ്രാകൃതവും ജഡികവുമായ ചിന്തകൾക്കായും പ്രവർത്തികൾക്കായും സജീവമാക്കും. അങ്ങനെയുള്ള വ്യക്തികൾ സഭയുടെ തകർച്ചയ്ക്ക് ഉപാധിയാകും. ഇത് ശത്രുവിന്റെ തന്ത്രപരമായ നീക്കമാണ്.

ആത്മാവിലേക്ക് ചെല്ലുന്ന പ്രമാണങ്ങൾ മാത്രമേ ആത്മീയമായ ജീവിതത്തിനും പ്രവർത്തികൾക്കുമായി ഒരു വ്യക്തിയെ തയ്യാറാക്കൂ. ഒന്നുകിൽ ദേഹി സജീവമായി ശരീരത്തെ ജഡിക പ്രവർത്തികൾക്കായി ദ്യോദിപ്പിക്കുന്നു. അല്ലെങ്കിൽ ആത്മാവ് സജീവമായി ശരീരത്തെ ആത്മീയ പ്രവർത്തികൾക്കായി തയ്യാറാക്കുന്നു. ദൃഷ്ടാന്തങ്ങളും കഥകളും ആത്മാവിൽ ഒരു പ്രവർത്തിയും ചെയ്യുന്നില്ല എന്നതിനാൽ, ആത്മമനുഷ്യൻ വളർച്ച പ്രാപിക്കുന്നില്ല. വളർച്ച പ്രാപിക്കാത്ത വിശ്വാസിയിലൂടെ പിശാച് തന്റെ ഇഷ്ടങ്ങൾ നിവർത്തിക്കുന്നു. ഇത്തരം വ്യക്തികളുടെ എണ്ണം സഭകളിൽ ഇന്ന് ക്രമാതീതമായി വർദ്ധിക്കുകയാണ്. അവരാണ് ആത്മീയ കൂട്ടങ്ങളുടെ തകർച്ചയ്ക്ക് പിശാചിന്റെ ആയുധങ്ങളാകുന്നത്.

നമ്മുടെ സഭകൾ പലതും 'കിന്റെർഗാർഡൻ' അല്ലെങ്കിൽ 'പ്ലേ സ്കൂൾ' പോലെ വളർച്ച പ്രാപിക്കാത്തവരെക്കൊണ്ട് നിറയുന്നതിന്റെ കാരണം ഇതാണ്. ഇവയിൽ എപ്പോഴും പരാതിയും കരച്ചിലും വഴക്കും അസ്വസ്ഥതകളും കൂടുതലായിരിക്കും! (ഉദാ. സാറേ, ആ കുട്ടി എന്നെ അടിച്ചു. ഈ കുട്ടി എന്നെ തൊട്ടു) ഇതെപോലെയാണ് ഇന്നത്തെ പല സഭകളും!! ആത്മീയ ശിശുക്കളുടെ കൂട്ടം!!! അവിടെ ഒരു ദിവസവും പ്രശ്നങ്ങൾ അവസാനിക്കുന്നില്ല (1 കൊരി.3:13). പക്വതയിലേക്കും പ്രായപൂർത്തിയിലേക്കും വളരുംതോറും അനാവശ്യമായ സ്വഭാവങ്ങൾ ഇല്ലാതെയാകും. സൗമ്യതയും ശാന്തതയും തിരിച്ചറിവും വർദ്ധിക്കും. സ്വന്തമായി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി നേടും. അപരന്റെ സാന്നിധ്യം അരോചകമാകില്ല. കാരണം, അവർ ക്രമീകൃതമായ ജീവിതത്തിനു സഹായിക്കുന്നത് പക്വതയിലെത്തിയ മനസ്സിന് ഉടമകളായിരിക്കും.

ന്യായപ്രമാണം ദൃശ്യമായതിനു മാത്രം പ്രാധാന്യം നൽകിയിരുന്നു. അതുകൊണ്ടാണ് അപ്പോസ്തലന്മാർ മൂന്നര വർഷം യേശുവിനോടുകൂടെ ജീവിച്ച ശേഷവും സ്വർഗ്ഗാരോഹണത്തിനു മുൻപ് ചോദിക്കുന്നത്: 'കർത്താവേ, നീ യിസ്രായേലിന് ഈ കാലത്തിലോ രാജ്യം യഥാസ്ഥാനത്താക്കി കൊടുക്കുന്നത്?' (അപ്പൊ.1:6). ദൃശ്യമായ രാജ്യവും ഭരണവും നടത്തുന്ന ഒരു യേശുവിനെയാണ് അപ്പോഴും അവർ പ്രതീക്ഷിച്ചിരുന്നത് എന്ന് സ്പഷ്ടം. എന്നാൽ തന്റെ രാജ്യം ഐഹികമല്ല (യോഹ.18:36) എന്ന് മനസ്സിലാക്കിക്കൊടുക്കുവാൻ യേശു എപ്പോഴും പരിശ്രമിച്ചിരുന്നു. 'സത്യത്തിനു സാക്ഷി നിൽക്കുവാനാണ്' താൻ വന്നത് എന്ന് യേശു പീലാത്തോസിനോട് പറയുന്നുണ്ട്. അത് അദൃശ്യമാണ്. യേശുവിന്റെ അദൃശ്യ രാജ്യം മനസ്സിലാക്കുവാൻ കഴിയാതെവണ്ണം ന്യായപ്രമാണം രൂഢമൂലമായി അപ്പോസ്തലരെ ഗ്രസിച്ചിരുന്നു. ന്യായപ്രമാണത്തിനു കീഴിലുള്ളവരെ സ്വതന്ത്രരാക്കുവാനാണ് യേശു വന്നത് എന്ന് മറ്റൊരു ഭാഗത്ത് നാം കാണുന്നു. അതുകൊണ്ട് പൗലോസ് ഗലാത്യയിലെ സഭകൾക്ക് മുന്നറിയിപ്പ് നൽകി: 'സ്വാതന്ത്ര്യത്തിനായിട്ട് ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി; ആകയാൽ അതിൽ ഉറെച്ചു നിൽപ്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്' (ഗലാ.5:1). ന്യായപ്രമാണം എന്ന അടിമത്വത്തെപ്പറ്റിയാണ് പൌലോസ് ഇവിടെ പറയുന്നതെന്ന് തുടർന്നുള്ള വചനങ്ങളിൽ വ്യക്തമാണ്.

പഴയനിയമത്തെയും പുതിയനിയമത്തെയും വേർതിരിച്ചു മനസ്സിലാക്കി നൽകുന്നതിനുള്ള തിരിച്ചറിവിലൂടെ ക്രിസ്തുവിന്റെ ഉപദേശങ്ങളെ കൃത്യമായി പഠിപ്പിക്കുന്നതിനുള്ള സംവിധാനം നമ്മുടെ സഭകളിൽ ഉണ്ടാകണം. ദൈവത്തിന്റെ ജനം പ്രായോഗിക ജീവിതത്തിൽ എത്രത്തോളം ദൗത്യദർശനം ഉൾക്കൊള്ളണം എന്ന് സുവിശേഷങ്ങളും അപ്പോസ്തല പ്രവർത്തികളും നമ്മോട് സാക്ഷിക്കുന്നു. വ്യക്തിപരമായ ക്രിസ്തീയ ജീവിതവും സഭാജീവിതവും എങ്ങനെ കൃത്യതയോടെ മുൻപോട്ട് നയിക്കാം എന്നതിന്റെ എല്ലാ ഉപദേശ അടിത്തറയും ലേഖനങ്ങളിലുണ്ട്. കൂടാതെ ക്രിസ്തുവിനായി ഒരുക്കപ്പെടുന്ന മണവാട്ടി സഭയുടെ ഭാവിയെപ്പറ്റി വെളിപ്പാട് പുസ്തകം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് പുതിയനിയമത്തെ നമ്മുടെ ഉപദേശങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനമാക്കണം. തിരിച്ചറിവായ കുഞ്ഞുങ്ങൾ മുതൽ പ്രായമായവർ വരെയുള്ളവർക്ക് പ്രത്യേകം പ്രത്യേകം പഠനപദ്ധതികൾ തയ്യാറാക്കണം. അപ്പോൾ;ത്തന്നെ ദൃഷ്ടാന്തപാഠങ്ങളായി പഴയനിയമത്തെ ഉപയോഗിക്കുകയും ചെയ്യാം. നല്ലൊരു നിത്യതയ്ക്കായി ദൈവജനം ആത്മീയവളർച്ച പ്രാപിക്കട്ടെ. ■

# ശാരോൻ ഫെലോഷിപ്പ് ചർച്ച്
# 2017 – 2018 വർഷത്തെ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ട്



**പാസ്റ്റർ ഏബ്രഹാം ജോസഫ്**
*(ജനറൽ സെക്രട്ടറി, മാനേജിങ്ങ് കൗൺസിൽ)*

കർത്താവിൽ പ്രിയരെ,

“ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്” എന്നരുളി ചെയ്ത യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹവന്ദനം!

സംഭവബഹുലമായ ഒരു പ്രവർത്തന വർഷം കൂടി പിന്നിടുവാൻ ദൈവം നമ്മെ സഹായിച്ചു. പേമാരിയും പ്രളയവും ഓഖി പോലുള്ള മറ്റു പ്രകൃതിദുരന്തങ്ങളും കൊണ്ട് ശ്രദ്ധേയമായ ഈ വർഷം നമ്മുടെ ഫെലോഷിപ്പിനോടു ബന്ധപ്പെട്ട് ദൈവത്തിന്റെ അത്ഭുത കരുതൽ അനുഭവിക്കാൻ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. സഭാ ശുശ്രൂഷകന്മാരുടെയും സഭകളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും ഫലമായി നമ്മുടെ സഭാപ്രവർത്തനങ്ങൾ അനുദിനം അനുഗ്രഹിക്കപ്പെടുകയും പുരോഗതിയിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നു എന്നത് ദൈവനാമ മഹത്വത്തിനായി പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ട്.

2017 ആഗസ്റ്റ് 24–ന് തിരുവല്ല ശാരോൻ കൺവൻഷൻ സ്റ്റേഡിയത്തിൽ വെച്ചു നടന്ന ജനറൽബോഡി യോഗത്തിൽ വെച്ച് തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കൗൺസിൽ അംഗങ്ങളുടെ പ്രഥമയോഗം അന്നേ ദിവസം ഉച്ചകഴിഞ്ഞ് കൂടി അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുക്കുകയും മിനിസ്റ്റേഴ്സ് കൗൺസിൽ അംഗങ്ങളെ നിയമിക്കുകയും ചെയ്തു. കൂടാതെ റീജിയൻ പ്രതിപുരുഷന്മാരിൽ നിന്നും ബ്രദേഴ്സ് എം.കെ. കുര്യൻ (തിരുവല്ല), ജോയി സി. ഡാനിയേൽ (അടൂർ–ശൂരനാട്) എന്നിവരെയും മണിപ്പുഴ സഭാംഗമായ ബ്രദർ ഏബ്രഹാം ഉമ്മൻ, പരുമല സഭാംഗമായ ബ്രദർ റ്റി.ഒ. പൊടിക്കുഞ്ഞ്, വളഞ്ഞവട്ടം സഭാംഗമായ ബ്രദർ കെ.കെ. തോമസ് എന്നിവരെയും ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്യുകയും ഉണ്ടായി.

പാസ്റ്റർ ജോൺ തോമസ് (പ്രസിഡന്റ്), ഡോ. റ്റി.പി. ഏബ്രഹാം (ആക്ടിംഗ് പ്രസിഡന്റ്), പാസ്റ്റർ പി.എം. ജോൺ (വൈസ് പ്രസിഡന്റ്), ഡോ. റ്റി.ജി. കോശി (സീനിയർ ജനറൽ മിനിസ്റ്റർ), പാസ്റ്റർ ഏബ്രഹാം ജോസഫ് (മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി), പാസ്റ്റർ ഫിന്നി ജേക്കബ് (മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി), പാസ്റ്റർ കെ.ജി. മാത്യു (വർക്കിംഗ് ജനറൽ സെക്രട്ടറി), പാസ്റ്റർ ജോൺ വർഗീസ് (മാനേജിംഗ് കൗൺസിൽ സെക്രട്ടറി), പാസ്റ്റർ കെ. റ്റി. തോമസ് (മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി), പാസ്റ്റർ ജോൺസൺ കെ. സാമുവേൽ (മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി), ബ്രദർ എം.കെ. കുര്യൻ (ട്രഷറാർ), ബ്രദർ ജോയി സി. ദാനിയേൽ (ജോയിന്റ് സെക്രട്ടറി), ബ്രദർ റ്റി.ഒ. പൊടിക്കുഞ്ഞ് (ഓഫീസ് സെക്രട്ടറി), ബ്രദർ ഏബ്രഹാം ഉമ്മൻ, ബ്രദർ കെ.കെ. തോമസ് (ലീഗൽ അഫയേഴ്സ്), പാസ്റ്റർ പി.ജി. ജേക്കബ്, പാസ്റ്റർ റ്റി.ജി. ജോർജുകുട്ടി, പാസ്റ്റർ ജേക്കബ് ജോർജ് കെ., പാസ്റ്റർ കെ.ജെ. ഫിലിപ്പ്, പാസ്റ്റർ ജോൺ വി. ജേക്കബ്, പാസ്റ്റർ പി.വി. ജേക്കബ്, പാസ്റ്റർ ബോസ് എം. കുരുവിള (അംഗങ്ങൾ) എന്നിവരാണ് മേൽപ്പറഞ്ഞ ഭരണസമിതിയിൽ ഉണ്ടായിരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അവരുടെ ഉത്തരവാദിത്തങ്ങൾ കഴിവതും ഭംഗിയായി നിർവഹിച്ചു എന്നത് പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ദൈവത്തിന്റെ അളവറ്റ കരുണയാൽ 2017 ലെ നമ്മുടെ ജനറൽ കൺവൻഷൻ നവംബർ 27 തിങ്കൾ മുതൽ ഡിസംബർ 3 ഞായർ വരെ അനുഗ്രഹമായി നടക്കുവാൻ ഇടയായി. പകലും വൈകുന്നേരങ്ങളിലുമായി നടന്ന വിവിധ സമ്മേളനങ്ങളിൽ അനുഗ്രഹീതരായ ദൈവദാസീദാസന്മാർ ദൈവവചന ശുശ്രൂഷ നിർവഹിച്ചു. പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രവർത്തനങ്ങൾ ഈ മീറ്റിംഗിൽ ഉടനീളം സംബന്ധിച്ചവർക്ക് അനുഭവിച്ചറിയാൻ ഇടയായി എന്നത് എടുത്തുപറയേണ്ട വസ്തുതയാണ്. കൺവൻഷന്റെ വിജയകരമായ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും അധ്വാനിക്കുകയും സഹായിക്കുകയും ചെയ്ത ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ.

വളരെ നാളത്തെ ആഗ്രഹത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി നമ്മുടെ ഫെലോഷിപ്പിനുവേണ്ടി ഒരു ഓഫീസ് കെട്ടിടം പണിയുന്നതിനായി കഴിഞ്ഞ വർഷത്തെ ജനറൽ ബോഡി മീറ്റിംഗിനോടനുബന്ധിച്ച് സഭയുടെ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് പ്രാർഥിച്ച് കട്ടിളവയ്ക്കുകയുണ്ടായി. ദൈവകൃപയാൽ അതിന്റെ പണി ഇപ്പോൾ അവസാന ഘട്ടത്തിലെത്തി നിൽക്കുകയാണ്. നാലായിരത്തിലധികം ചതുരശ്ര അടിയിൽ പണിയുന്ന ഈ കെട്ടിടത്തിൽ സഭയുടെ മുഖ്യ ഓഫീസ്, സഭാചുമതലക്കാരുടെ പ്രത്യേക ഓഫീസുകൾ, കോൺഫറൻസ് ഹാൾ, പുത്രികാ സംഘടനകളുടെ ഓഫീസുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. പ്ലാസ്റ്ററിങ്ങ് വരെ പണി പൂർത്തിയായി കഴിഞ്ഞു. ഇപ്പോൾ 40 ലക്ഷത്തോളം രൂപ ഇതിലേക്ക് ആകെ ചെലവായിട്ടുണ്ട്. ഇതിൽ ഭീമമായ ഒരു തുക കടമായി ശേഷിക്കുന്നു. ഇനിയും 35 ലക്ഷം രൂപാ ബാക്കി പണിക്കായി ആവശ്യമാണ്. നമ്മുടെ സഭകളും വ്യക്തികളും ഈ ആവശ്യത്തിലേക്ക് ആത്മാർത്ഥതയോടെ സഹായങ്ങൾ നൽകി എന്നത് നന്ദിയോടെ ഓർക്കുന്നു. ഏവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. ഒപ്പം എത്രയും വേഗം പണി പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനങ്ങൾ അതിൽ തുടരാനായി നമുക്ക് പ്രാർത്ഥിക്കാം.

ഈ വർഷം ആഗസ്റ്റ് മാസം പകുതിയോടെ കേരളത്തിലുണ്ടായ പേമാരിയും പ്രളയവും മൂലം നമ്മുടെ നിരവധി പ്രാദേശിക സഭാഹാളുകൾക്കും പാഴ്സനേജുകൾക്കും കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുകയുണ്ടായി. ഇടുക്കി സെന്ററിലെ പെരിയാർ വാലി, ഈട്ടിസിറ്റി, കനകകുന്ന് എന്നീ സ്ഥലങ്ങളിലെ ആരാധനാലായങ്ങൾക്ക് പൂർണ്ണമായി നാശനഷ്ടങ്ങൾ സംഭവിച്ചു. ഹൈറേഞ്ച് സെന്ററിലെ ചപ്പാത്ത്, പത്തനംതിട്ട സെന്ററിലെ നീലിപിലാവ്, ഗുരുനാഥൻമണ്ണ് തുടങ്ങിയ സഭാഹാളുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയുണ്ടായി. കൂടാതെ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലകളിലും പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലുമുള്ള നിരവധി സഭാഹാളുകളിൽ വെള്ളം കയറുകയും ഉപകരണങ്ങൾ നഷ്ടപ്പെടുകയും ചെയ്തു. മേൽപറയപ്പെട്ട സ്ഥലങ്ങളിലെ നിരവധി വിശ്വാസികളുടെ

ഭവനങ്ങൾക്കും ഭീമമായ നഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്.

ഇപ്രകാരം ദുരിതമനുഭവിക്കുന്ന നമ്മുടെ സഭാംഗങ്ങൾക്ക് സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ഒരു കോടി രൂപാ സമാഹരിക്കാൻ കൗൺസിൽ തീരുമാനിക്കുകയും പ്രാദേശിക സഭകളെ അറിയിക്കുകയും ചെയ്തു. അതനുസരിച്ച് സഭകളും വ്യക്തികളും തങ്ങളുടെ ഉദാര സംഭാവനകൾ സഭാ ഓഫീസിൽ ഏൽപ്പിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ 26 ലക്ഷത്തോളം രൂപാ നമുക്ക് ഈ ആവശ്യത്തിലേക്കു ലഭിച്ചിട്ടുണ്ട്. പ്രളയക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച സഭാംഗങ്ങളിൽനിന്ന് വിവരങ്ങൾ കാണിച്ച് സഭാ ഓഫീസിലേക്ക് അപേക്ഷകൾ ക്ഷണിക്കുകയും അതനുസരിച്ച് നൂറിലധികം അപേക്ഷകൾ ലഭിക്കുകയും ചെയ്തു. ഈ അപേക്ഷകളുടെ നിജസ്ഥിതി മനസ്സിലാക്കാൻ ഒരു ഉപസമിതിയെ സഭാകൗൺസിൽ നിയമിക്കുകയുണ്ടായി. പാസ്റ്റർ ജോൺസൻ കെ. ശമുവേൽ അധ്യക്ഷനായുള്ള സമിതിയിൽ പാസ്റ്റർമാരായ വി.ജെ. തോമസ്, ഏബ്രഹാം മന്ദമരുതി, ഫിലിപ്പ് ഏബ്രഹാം, ബിജു ജോസഫ്, ജോർജ് മുണ്ടകൻ, എബി ബേബി, സഹോദരന്മാരായ ജോയി സി. ഡാനിയേൽ, റോഷി തോമസ്, കോശി മാത്യു എന്നിവരാണ് അംഗങ്ങളായുള്ളത്. ലഭിച്ച അപേക്ഷയുടെമേൽ അന്വേഷണം പൂർത്തിയായി കഴിഞ്ഞിരിക്കുകയാണ്. അർഹരായവർക്ക് എത്രയും വേഗം സഹായം നൽകാനുള്ള ക്രമീകരണങ്ങൾ സഭാകൗൺസിൽ ചെയ്തുകൊണ്ടിരിക്കുന്നു. ദുരിതാശ്വാസ ഫണ്ടിലേക്ക് സഹായസഹകരണങ്ങൾ നൽകിയ ഏവരോടും പ്രത്യേക നന്ദി അറിയിക്കുന്നു. ഇനിയും സഹായങ്ങൾ നല്കിയിട്ടില്ലാത്തവർ കഴിവതും വേഗം തങ്ങളുടെ സംഭാവനകൾ സഭാഓഫീസിൽ എത്തിക്കണം എന്ന് അറിയിക്കുന്നു.

ബാഹ്യകേരളത്തിലെ നമ്മുടെ സഭാശുശ്രൂഷകന്മാരുടെ ഒരു പ്രത്യേക സമ്മേളനം 2018 ആഗസ്റ്റ് 30, 31 തീയതികളിൽ ഗുജറാത്തിലെ ബറൂച്ച് ക്രിസ്ത്യൻ സ്പിരിചൽ ലൈഫ് സെന്ററിൽ വച്ച് അനുഗ്രഹിക്കപ്പെട്ട നിലയിൽ നടക്കുവാൻ ദൈവം കൃപ ചെയ്തു. പാസ്റ്റർ കെ. ഡേവിഡിന്റെ അധ്യക്ഷതയിൽ നമ്മുടെ സഭയുടെ പ്രസിഡന്റ് പാസ്റ്റർ ജോൺ തോമസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. ജോർജ് കെ. തോമസ് (ചിക്കാഗോ), റവ. ജോർജ് പാപ്പി (ഒക്കലഹോമ) എന്നിവർ മുഖ്യ അതിഥികളായിരുന്നു. സഭാകൗൺസിലിൽ നിന്ന് പ്രസിഡന്റിനെ കൂടാതെ പാസ്റ്റർ ഏബ്രഹാം ജോസഫ്, പാസ്റ്റർ ഫിന്നി ജേക്കബ്, പാസ്റ്റർ ജേക്കബ് ജോർജ് കെ. എന്നിവരും സംബന്ധിച്ച് വിവിധ സെക്ഷനുകളിൽ പ്രസംഗിച്ചു. ചില ശുശ്രൂഷകന്മാരുടെ ഓർഡിനേഷനും ഇതോടനുബന്ധിച്ച് നടക്കുകയുണ്ടായി. ബാഹ്യകേരളത്തിലെ നമ്മുടെ ഫെലോഷിപ്പിലെ റീജിയൻ ശുശ്രൂഷകന്മാരും സെന്റർ ശുശ്രൂഷകന്മാരും ഈ സമ്മേളനത്തിന് നേതൃത്വം നൽകി.

കേരളത്തിലുണ്ടായ പ്രകൃതിദുരന്തത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ സൗഖ്യത്തിനും സമാധാനത്തിനും സുവിശേഷ മുന്നേറ്റത്തിനുമായി സെപ്റ്റംബർ 19ന് ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ കേരളമൊട്ടാകെ റീജിയൻ തലത്തിൽ പ്രത്യേക പ്രാർത്ഥന നടക്കുകയുണ്ടായി. കുന്നത്തുകാൽ, ശ്രീകാര്യം, കൂടൽ, കടമ്പനാട് നോർത്ത്, തിരുവല്ല ടൗൺ, മെഴുവേലി, മല്ലപ്പള്ളി വെസ്റ്റ്, പുളിക്കൽകവല, വൈറ്റില, പെരുമ്പാവൂർ, അടിമാലി, പറവട്ടാനി, കൽപ്പറ്റ എന്നീ സഭകളിൽ വെച്ചാണ് അതാതു റീജിയനുകളുടെ നേതൃത്വത്തിൽ പ്രാർത്ഥന നടന്നത്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ പ്രവർത്തനവർഷം കോട്ടയം സെന്ററിൽ കാഞ്ഞിരപ്പള്ളി, ഭരണങ്ങാനം, പൂഞ്ഞാർ, ചുങ്കപ്പാറ എന്നീ സ്ഥലങ്ങളിലും തൃശൂർ സെന്ററിൽ പട്ടിക്കാട്, മുണ്ടൂർ എന്നിവിടങ്ങളിലും ആലുവ സെന്ററിർ ആലങ്ങാട് എന്ന സ്ഥലത്തും ഫെലോഷിപ്പിന്റെ പുതിയ കൂടിവരവുകൾ ആരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. കൂടാതെ, നെയ്യാറ്റിൻകര സെന്ററിൽ പാലപ്പൂർ, വെള്ളനാട്, പാപ്പനംകോട് എന്നിവിടങ്ങളിലും നെടുമങ്ങാട് സെന്ററിൽ കുരുന്തറക്കോണം, നെടുംപുല്ലി എന്നീ സ്ഥലങ്ങളിലും പത്തനംതിട്ട സെന്ററിൽ ആലാ, തൃശൂർ സെന്ററിൽ മരത്തംകോട് എന്നിവിടങ്ങളിലും ചില സ്വതന്ത്ര കൂടിവരവുകൾ ഫെലോഷിപ്പിനോടു ചേരുകയുണ്ടായി.

ഈ പ്രവർത്തനവർഷം പഞ്ചാബിലെ അമൃത്സറിനടുത്തുള്ള ഗുജ്ജാർപുര സഭയ്ക്കുവേണ്ടി സ്ഥലം വാങ്ങി ആരാധനാലയം പണി ആരംഭിക്കാൻ ദൈവം നമ്മെ സഹായിച്ചു. ആലയത്തിന്റെ പണി അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. കൂടാതെ മഹാരാഷ്ട്ര സെന്ററിലെ വസായ്റോഡ് സഭയ്ക്കായി സ്വന്തമായി ഒരു ആരാധനാലയം വാങ്ങാനും ദൈവം കൃപ ചെയ്തു. തൃശൂർ സെന്ററിലെ പയ്യനാമുണ്ടയ്ക്കത്താനം സഭയ്ക്കുവേണ്ടി സ്ഥലവും അതിലുള്ള ഒരു കെട്ടിടവും വാങ്ങാൻ കഴിഞ്ഞു. കഴിഞ്ഞ പ്രവർത്തനവർഷം ഈ സ്ഥലത്തിനായി നമ്മൾ അഡ്വാൻസ് നൽകിയിരുന്നതാണ്. തിരുവല്ല വെസ്റ്റ് സെന്ററിൽ ആലപ്പുഴ ഗലീല എന്ന സ്ഥലത്തുള്ള സഭയ്ക്കായി വസ്തു വാങ്ങുവാനും ദൈവം സഹായിച്ചു. തിരുവല്ല വെസ്റ്റ് സെന്ററാണ് ഇതിനുള്ള പണം കണ്ടെത്തിയത് എന്നത് പ്രത്യേകം പ്രശംസനീയമാണ്.

കണ്ണൂർ ജില്ലയിലെ വള്ളിത്തോട്ടിലുള്ള നമ്മുടെ ചിൽഡ്രൻസ് ഹോം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് തരിശായി കിടന്ന നാൽപ്പത് ഏക്കറോളം വരുന്ന ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിന് താൽപര്യപ്പെട്ട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഈ പ്രവർത്തനവർഷം അതിൽ 25 ഏക്കർ സ്ഥലത്ത് കശുമാവ് തൈകൾ വെച്ചുപിടിപ്പിക്കാൻ ഇടയായി.

നമ്മുടെ ഫെലോഷിപ്പിന്റെ നെടുമ്പാശേരി സഭാ ശുശ്രൂഷകനായിരുന്ന പാസ്റ്റർ രാജു ജോസഫ് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടതു മൂലം പ്രയാസത്തിലായ അദ്ദേഹത്തിന്റെ കുടുംബത്തിന് ഒരു ഭവനം വെച്ചു നൽകാനായി സഭാകൗൺസിൽ താൽപര്യപ്പെട്ട് പ്രാദേശിക സഭകൾക്ക് കത്ത് അയയ്ക്കുകയുണ്ടായി. ഇതനുസരിച്ച് 5 ലക്ഷത്തിൽപരം രൂപാ ഓഫീസിൽ ലഭിക്കുവാനും ഈ തുക പാസ്റ്റർ രാജു ജോസഫിന്റെ കുടുംബത്തിന് കൈമാറുവാനും ദൈവം സഹായിച്ചു. സഹകരിച്ച എല്ലാവരോടും പ്രത്യേകം നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു.

കേരളത്തിനും കേരളത്തിനു പുറത്തുമായി സഭാപ്രവർത്തനങ്ങൾക്കുവേണ്ടി പ്രതിമാസം 4 ലക്ഷത്തിലധികം രൂപാ ഓഫീസിൽ നിന്ന് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നു. നിരവധി പ്രവർത്തനസ്ഥലങ്ങൾ പുതുതായി രൂപംകൊള്ളുന്നതിനാൽ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നുമുണ്ട്. മേൽ സൂചിപ്പിച്ച സഹായം നൽകുന്നതിന് നമ്മുടെ ചില സഭകളും നിരവധി ശുശ്രൂഷകന്മാരും സഹായിച്ചുകൊണ്ടിരിക്കുന്നതിനെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

സർവ്വശക്തനായ ദൈവം നമ്മെ ഇത്രത്തോളം സഹായിക്കുകയും സഭാപ്രവർത്തനങ്ങളെ അനുഗ്രഹിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. സകല മാനവും മഹത്വവും ദൈവത്തിന് അർപ്പിക്കുന്നു. ദൈവമായ കർത്താവ് നമ്മെ ഏവരേയും ധാരാളമായി അനുഗ്രഹിക്കട്ടെ. ■



പാസ്റ്റർ ജേക്കബ് ജോർജ്ജ് കെ.



# ഫിലേമോനു എഴുതിയ ലേഖനവും യോബേൽ സംവത്സരവും

**അ**പ്പൊസ്തോലനായ പൗലൊസിന്റെ എബ്രായ ലേഖനം ഉൾപ്പെടെയുള്ള പതിനാലു ലേഖനങ്ങളിൽ എഫേസ്യ, ഫിലിപ്പ്യ, കൊലോസ്യ, ഫിലേമോൻ എന്ന നാലു ലേഖനങ്ങൾ കാരാഗ്രഹലേഖനങ്ങൾ എന്നറിയപ്പെടുന്നു. ഈ ലേഖനങ്ങൾ ഏ.ഡി. 60 –62 വർഷങ്ങളിൽ റോമിലെ കാരാഗ്രഹത്തിൽ വച്ച് എഴുതിയതിനാലാണ് കാരാഗ്രഹ ലേഖനങ്ങൾ എന്ന് അറിയപ്പെടുന്നത്. എഫേസ്യ ലേഖനവും കൊലോസ്യ ലേഖനവും ഫിലെമോന്റെ ലേഖനവും തിഹിക്കോസിന്റേയും ഒനേസിമോസിന്റെയും കൈയിൽ കൊടുത്തയച്ചു. ഫിലിപ്യ ലേഖനം എപ്പഫ്രാദിത്തോസിന്റേയും കൈയിൽ കൊടുത്തയച്ചു.

കൊലോസ്യസഭയിലെ ഒരു അംഗമാണ് ഫിലേമോൻ. പൗലൊസിന്റെ എഫെസോസിലെ ശുശ്രൂഷയിൽ രക്ഷിക്കപ്പെട്ട ആളായിരുന്നു അദ്ദേഹം. സമ്പന്നനായ ഫിലേമോന്റെ അടിമയായിരുന്ന ഒനേസിമോസ് പണവും അപഹരിച്ചുകൊണ്ട് ഓടിപ്പോയി. റോമിലേക്കു പോയ ഒനേസിമോസ് പൗലൊസിനെ കാരാഗ്രഹത്തിൽ വച്ച് കണ്ടുമുട്ടുകയും രക്ഷിക്കപ്പെടുകയും ചെയ്തു. ഫിലേമോന്റെ ഭവനത്തിൽ ഒരു സഭാകൂടിവരവ് ഉണ്ടായിരുന്നു. തന്റെ ഭാര്യ അപ്പിയയും മകൻ അർക്കിപ്പോസും ആയിരുന്നു.

ഓടിപ്പോയിരുന്ന ഒനേസിമോസിന്റെ പ്രത്യേക പ്രശ്നം കൈകാര്യം ചെയ്യുവാനാണ് പൗലൊസ് ഈ ലേഖനം എഴുതിയത്. റോമൻ നിയമം അനുസരിച്ച് ഓടിപ്പോയ ഒരു അടിമയ്ക്ക് മരണശിക്ഷ നൽകുവാൻ കഴിയുമായിരുന്നു. ഒനേസിമോസിനുവേണ്ടി പൗലൊസ് ഫിലേമോനോട് മദ്ധ്യസ്ഥത ചെയ്യുകയും പൗലൊസിനോടുള്ള അതേ സ്നേഹത്തോടെ ഒരു കൂട്ടുവിശ്വാസിയായി ഒനേസിമോസിനെ കരുണയോടെ സ്വീകരിക്കുവാൻ അപേക്ഷിക്കുകയും ചെയ്യുന്നു. ഒരു അടിമ എന്ന നിലയിൽ അല്ല ക്രിസ്തുവിൽ ഒരു സഹോദരൻ എന്ന നിലയിൽ സ്വീകരിക്കണം. ഒനേസിമോസ് പ്രയോജനം ഇല്ലാത്തവൻ ആയിരുന്നു. എന്നാൽ ഇപ്പോൾ പ്രയോജനം ഉള്ളവൻ ആകുന്നു. ഒനേസിമോസിനെ തന്നോടൊപ്പം റോമിൽ നിർത്തുവാൻ ആഗ്രഹം ഉണ്ടായിരുന്നു. എന്നാൽ അതിനു പകരമായി നിയമപ്രകാരമുള്ള യജമാനന്റെ അടുക്കലേയ്ക്കു മടക്കി അയയ്ക്കുന്നു. ഒനേസിമോസ് എന്തെങ്കിലും കടപ്പെട്ടിട്ടുണ്ടെങ്കിൽ പൗലൊസ് അത് തന്നുകൊള്ളാം എന്നു പറയുന്നു.

പൗലൊസിന്റെ ലേഖനങ്ങളിൽ ഏറ്റവും ചെറിയ ലേഖനമാണ് ഇത്. ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്ന അടിമത്വപ്രശ്നം സഭയും പൗലൊസും എങ്ങനെ കൈകാര്യം ചെയ്തു എന്ന് ഈ ലേഖനം ചൂണ്ടിക്കാണിക്കുന്നു. ഏകദേശം ആറു കോടി അടിമകൾ ഒന്നാം നൂറ്റാണ്ടിൽ റോമൻ സാമ്രാജ്യത്തിൽ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. പൗലൊസ് ഒനേസിമോസിനെ പ്രാണപ്രിയൻ എന്നു വിളിക്കത്തക്കവണ്ണം അടുത്ത ബന്ധത്തിൽ അടിമയുമായി പ്രവേശിക്കത്തക്കവണ്ണം വന്നത് തന്റെ ആത്മീയജീവിതത്തിന്റെ ഉൾക്കാഴ്ച നൽകുന്നു. അടിമകളെ മനുഷ്യനായല്ല യജമാനനു പ്രയോജനപ്രദമായ ഉപകരണങ്ങളായിട്ടാണ് കണക്കാക്കിയിരുന്നത്. പൗലൊസ് അടിമത്വത്തെ എതിർക്കുന്നില്ല എങ്കിലും അടിമയെ ഒരു മകനെപ്പോലെ, ക്രിസ്തുവിൽ ഒരു സഹോദരനെപ്പോലെ കാണുന്നതുകൊണ്ട് വിപ്ലവാത്മകമായ ഒരു മാറ്റം അടിമ വ്യവസ്ഥിതിക്ക് ഉണ്ടായി.

റോമൻ, യവന, യഹൂദ സംസ്കാരങ്ങൾ മനുഷ്യനെ പല വർഗ്ഗങ്ങളായി തിരിച്ച് വിഭാഗീയത ഉണ്ടാക്കി പരസ്പരം ബന്ധപ്പെടുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു. പുരുഷൻ–സ്ത്രീ, അടിമ–സ്വതന്ത്രൻ, ധനവാൻ–ദരിദ്രൻ, യഹൂദൻ–യവനൻ, ജാതികൾ–ബാർബേറിയൻസ്, പരിച്ഛേദനക്കാർ–അഗ്രചർമ്മികൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

എന്നാൽ സുവിശേഷം പ്രവാചകന്മാർ മുഖാന്തരം മുൻകൂട്ടി പിതാവായ ദൈവം പുത്രനെക്കുറിച്ചുള്ള സുവിശേഷം–അറിയിച്ചിരുന്നതാണ്. ഈ സുവിശേഷസത്യങ്ങൾ വേർപാടിന്റെ നടുചുവർ ഇടിച്ചുകളഞ്ഞ് ഒരു പുതിയമനുഷ്യനെ സൃഷ്ടിച്ചു. ഒനേസിമോസ് ക്രിസ്തുവിൽ സ്വതന്ത്രനായി. അവൻ ക്രിസ്തുവിശ്വാസികളുടെ സഹോദരനായി.

ലേവ്യാപുസ്തകം 25–ാം അദ്ധ്യായത്തിൽ യോബേൽ സംവത്സരം കാണുന്നു. യിസ്രായേലിന് 7–ാം ദിവസം ശബത്ത് ദിവസമാണ്. 7–ാം വർഷം ശബത്ത് വർഷമാണ്. 50–ാം വർഷം യോബേൽ സംവത്സരവും. 49 വർഷങ്ങളിൽ 7 ശബത്ത് വർഷങ്ങൾ ഉണ്ടായിരുന്നു. പിന്നീട് മറ്റൊരു വർഷം. ഇങ്ങനെ ഓരോ 50 വർഷങ്ങളിലും ആകെ 8 സ്വസ്ഥതയുടെ വർഷങ്ങൾ വരുന്നു. 49–ാമത്തെ വർഷം 7–ാമത്തെ ശബത്ത് വർഷം ആയതുകൊണ്ട് 50–ാം വർഷം യോബേൽ വർഷം ആയി വരികയും, ഭൂമി കൃഷിചെയ്യപ്പെടാതെയും ജനങ്ങൾ വയലിലെ വേലകളിൽനിന്ന് സ്വസ്ഥത അനുഭവിച്ചും നിലകൊണ്ടു.

50–ാം വർഷം ശുദ്ധീകരിച്ച് ദേശത്തെല്ലാടവും സകല നിവാസികൾക്കും സ്വാതന്ത്ര്യം പ്രസിദ്ധപ്പെടുത്തുകയും വേണം. ഈ കാലത്ത് എല്ലാ പണയങ്ങളും റദ്ദാക്കപ്പെട്ടു. എല്ലാ കടങ്ങളും ഇളച്ചുകൊടുക്കപ്പെടും. എല്ലാവരും അവനവന്റെ അവകാശത്തിലേക്ക് മടങ്ങിവരും.

യോബേൽ യിസ്രായേലിൽ ആകമാനം കാഹളധ്വനിയിൽ തുടങ്ങിവയ്ക്കപ്പെടുന്ന ഒരു ഉത്സവം ആണ്. ദേശത്തെല്ലായിടത്തും സകല നിവാസികൾക്കും സ്വാതന്ത്ര്യം വിളംബരം ചെയ്യുക എന്നുള്ളതാണ് യോബേൽ സംവത്സരം ചെയ്യുന്നത്.

ക്രിസ്തുവിൽ ആയിരിക്കുന്ന ഒരു വിശ്വാസിക്ക് ഇത് യോബേൽ സംവത്സരം ആണ്. ഇത് ആത്മീയ സ്വസ്ഥതയുടെ അനുഭവം ആണ്. യേശുക്രിസ്തുവാകുന്ന നമ്മുടെ അടുത്ത ചാർച്ചക്കാരൻ തന്റെ വിലയേറിയ രക്തം ചിന്തി എല്ലാവിധമായ പാപത്തിന്റെ കടത്തിൽനിന്നും മോചനം നൽകിയിരിക്കുന്നു. ആത്മാവിലുള്ള ആരാധനയും അന്യഭാഷയും ഒരു ദൈവപൈതലിന്റെ സ്വസ്ഥതയാണ്. പുത്രൻ നിങ്ങൾക്ക് സ്വാതന്ത്ര്യം വരുത്തിയാൽ നിങ്ങൾ സാക്ഷാൽ സ്വതന്ത്രർ ആകും (യോഹ. 8:36). ■

SHARON FELLOWSHIP CHURCH
'SHARON', THIRUVALLA, KERALA, INDIA. Reg. No. A56/1975

## പുതിയ നിയമനങ്ങൾ

സെപ്തംബർ 28, ഒക്ടോബർ 23 എന്നീ ദിവസങ്ങളിൽ തിരുവല്ല ശാരോനിൽ കൂടിയ മിനിസ്റ്റേഴ്സ് കൗൺസിൽ താഴെപ്പറയുന്ന റീജിയനുകളിലേക്കും, സെന്ററുകളിലേക്കും അതിലുൾപ്പെടുന്ന സെക്ഷനുകളിലേക്കും ചുമതലക്കാരെ നിയമിച്ചു.

### പത്തനംതിട്ട സെന്റർ

പാസ്റ്റർ വി.ജെ. തോമസ് (സെന്റർ പാസ്റ്റർ), പാസ്റ്റർ കെ.പി. ഡാനിയേൽ (അസോസിയേറ്റ് സെന്റർ പാസ്റ്റർ), പാസ്റ്റർ കെ.എം. പീറ്റർ (സെന്റർ സെക്രട്ടറി)

**ചിറ്റാർ സെക്ഷൻ:** പാസ്റ്റർ റോയി വർഗീസ് (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ പി.എ. ചാക്കോച്ചൻ (അസോ.സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ജി. രാജീവ് (സെക്ഷൻ സെക്രട്ടറി).

**മൈലപ്ര സെക്ഷൻ:** പാസ്റ്റർ പി.ജോൺ (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ വർഗീസ് ഏബ്രഹാം (അസോ.സെക്ഷൻ പാസ്റ്റർ), പാസ്റ്റർ റെജി പി. ശമുവേൽ (സെക്ഷൻ സെക്രട്ടറി).

### പുനലൂർ നോർത്ത് സെന്റർ

പാസ്റ്റർ ജോൺസൻ കെ. ശമുവേൽ (സെന്റർ പാസ്റ്റർ), പാസ്റ്റർ തോമസ് ശമുവേൽ (അസോ.സെന്റർ പാസ്റ്റർ), പാസ്റ്റർ എൻ.റ്റി.ബാബു (സെന്റർ സെക്രട്ടറി), പാസ്റ്റർ റ്റി. എസ് ഡാനിയേൽ (ഏരിയ കോർഡിനേറ്റർ).

**പത്തനാപുരം ഈസ്റ്റ് സെക്ഷൻ :** പാസ്റ്റർ യോഹന്നാൻ ജോർജ് (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ റ്റി. സാമു (സെക്ഷൻ സെക്രട്ടറി).

**കൂടൽ സെക്ഷൻ :** പാസ്റ്റർ മാമ്മൻ വർഗീസ് (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ തോമസ് ഏബ്രഹാം (സെക്ഷൻ സെക്രട്ടറി).

### ചെങ്ങന്നൂർ സെന്റർ

**മെഴുവേലി സെക്ഷൻ :** പാസ്റ്റർ പി.പി.ഫിലിപ്പ് (സെക്ഷൻ സെക്രട്ടറി)

### മാവേലിക്കര സെന്റർ

പാസ്റ്റർ ബിജു ഏബ്രഹാം (സെന്റർ സെക്രട്ടറി)

**മാവേലിക്കര സെക്ഷൻ:** പാസ്റ്റർ സജു പുന്നൂസ് (സെക്ഷൻ സെക്രട്ടറി)

**മുട്ടം സെക്ഷൻ:** പാസ്റ്റർ കെ.ജി. ജോൺ (അസോ. സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ബിജു ജോർജ് (സെക്ഷൻ സെക്രട്ടറി)

## മലബാർ റീജിയൻ

പാസ്റ്റർ മാത്യൂസ് ഡാനിയേൽ (റീജിയൻ പാസ്റ്റർ), പാസ്റ്റർ ജോൺ വർഗീസ് (അസോ.റീജിയൻ പാസ്റ്റർ), പാസ്റ്റർ ജോയി ഡേവിഡ് (റീജിയൻ സെക്രട്ടറി)

### കണ്ണൂർ സെന്റർ

പാസ്റ്റർ ജോസ് ജോസഫ് (സെന്റർ പാസ്റ്റർ), പാസ്റ്റർ ഷിജു കുര്യൻ (അസോ.സെന്റർ പാസ്റ്റർ)

**കണ്ണൂർ സെക്ഷൻ:** പാസ്റ്റർ ഷിജു കുര്യൻ (സെക്ഷൻ പാസ്റ്റർ) പാസ്റ്റർ സജു എസ്.എസ് (സെക്ഷൻ സെക്രട്ടറി)

**ഇരിട്ടി സെക്ഷൻ:** പാസ്റ്റർ ജോമോൻ ജോസഫ് (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ഷൈലേഷ് തോമസ് (സെക്ഷൻ സെക്രട്ടറി)

### കോഴിക്കോട് സെന്റർ

പാസ്റ്റർ ജോൺ വർഗീസ് (സെന്റർ പാസ്റ്റർ), പാസ്റ്റർ വി.ഒ.ജോസ് (അസോ.സെന്റർ പാസ്റ്റർ), പാസ്റ്റർ എൽദോ പി.ജോസഫ് (സെന്റർ സെക്രട്ടറി).

**കോഴിക്കോട് സെക്ഷൻ:** പാസ്റ്റർ ബിജുപോൾ (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ബിജു വർഗീസ് (അസോ.സെക്ഷൻ പാസ്റ്റർ) പാസ്റ്റർ എൽദോസ് കുര്യാക്കോസ് (സെക്ഷൻ സെക്രട്ടറി)

**മലപ്പുറം സെക്ഷൻ :** പാസ്റ്റർ എൻ. റ്റി. ഏബ്രഹാം (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ചന്ദ്രൻ കെ.കെ. (അസോ. സെക്ഷൻ പാസ്റ്റർ), പാസ്റ്റർ നോബി മാത്യു (സെക്ഷൻ സെക്രട്ടറി).

### വയനാട് – നീലഗിരി സെന്റർ

പാസ്റ്റർ മാത്യൂസ് ഡാനിയേൽ (സെന്റർ മിനിസ്റ്റർ), പാസ്റ്റർ കെ.ജെ. ജോബ് (അസോ. സെന്റർ മിനിസ്റ്റർ), പാസ്റ്റർ ബെന്നി മാത്യു (സെന്റർ സെക്രട്ടറി).

**വയനാട് സെക്ഷൻ:** പാസ്റ്റർ എം.ജെ.ജോൺ (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ജോസ് തോമസ് (അസോ.സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ഷനോജ് എം.ജെ (സെക്ഷൻ സെക്രട്ടറി).

**നീലഗിരി സെക്ഷൻ:** പാസ്റ്റർ ജോബി ജോൺ (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ഏലിയാവ് സി. മാത്യു (സെക്ഷൻ സെക്രട്ടറി).

### കുമ്പനാട് സെന്റർ

പാസ്റ്റർ കെ.ജി. മാത്യു (സെന്റർ മിനിസ്റ്റർ), പാസ്റ്റർ ജോൺ തോമസ് (അസോ. സെന്റർ മിനിസ്റ്റർ), പാസ്റ്റർ സാം കോശി (സെന്റർ സെക്രട്ടറി).

**കുമ്പനാട് സെക്ഷൻ:** പാസ്റ്റർ പി.എ. ഏബ്രഹാം (സെക്ഷൻ പാസ്റ്റർ), പാസ്റ്റർ ഫിലിപ്പ് തോമസ് (അസോ.സെക്ഷൻ പാസ്റ്റർ)

### ഹൈറേഞ്ച്

പാസ്റ്റർ കെ.റ്റി. തോമസ് (സെന്റർ മിനിസ്റ്റർ), പാസ്റ്റർ സാം കെ. ജേക്കബ് (അസോ. സെന്റർ മിനിസ്റ്റർ)

**കട്ടപ്പന സെക്ഷൻ :** പാസ്റ്റർ ജോജി ജോർജ് (സെക്ഷൻ മിനിസ്റ്റർ)

**പീരിമേട് സെക്ഷൻ :** പാസ്റ്റർ ജോസ് ജോർജ് (സെക്ഷൻ മിനിസ്റ്റർ)

### മല്ലപ്പള്ളി സെന്റർ

പാസ്റ്റർ ജോൺ വി.ജേക്കബ് (സെന്റർ മിനിസ്റ്റർ), പാസ്റ്റർ പോൾ സുബ്രമണ്യൻ (അസോ.സെന്റർ മിസിസ്റ്റർ) പാസ്റ്റർ റ്റി.വി. ജോൺസൻ (സെന്റർ സെക്രട്ടറി).

**മല്ലപ്പള്ളി വെസ്റ്റ് സെക്ഷൻ**
പാസ്റ്റർ എം.എസ്. ജോണിക്കുട്ടി (സെക്ഷൻ മിനിസ്റ്റർ)

**മല്ലപ്പള്ളി ഈസ്റ്റ് സെക്ഷൻ**
പാസ്റ്റർ ഏബ്രഹാം കുര്യാക്കോസ് (സെക്ഷൻ മിനിസ്റ്റർ)

## അടൂർ റീജിയൻ

പാസ്റ്റർ പി. ജി. ജേക്കബ് (റീജിയൺ രക്ഷാധികാരി), പാസ്റ്റർ ഒ. ജോയിക്കുട്ടി (റീജിയൺ ശുശ്രൂഷകൻ),പാസ്റ്റർ കെ. എ. ഫിലിപ്പ് (അസ്സോസിയേറ്റ് റീജിയൺ ശുശ്രൂഷകൻ), പാസ്റ്റർ യോഹന്നാൻകുട്ടി ഒ. (റീജിയൺ സെക്രട്ടറി)

### അടൂർ സെന്റർ

പാസ്റ്റർ ജോണിക്കുട്ടി റ്റി. (സെന്റർ ശുശ്രൂഷകൻ). പാസ്റ്റർ ചെറിയാൻ മാത്യൂ (അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ റോയി വി. സാമുവേൽ (സെന്റർ സെക്രട്ടറി)

**അടൂർ സെക്ഷൻ :** പാസ്റ്റർ ജെയിംസ് ടി. ജി. (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ വി. എം. വർഗ്ഗീസ് (അസ്സോ

സിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ കെ. ജെ. ബിനോയി (സെക്ഷൻ സെക്രട്ടറി)

**മണക്കാല സെക്ഷൻ:** പാസ്റ്റർ കെ. എം. മാത്യു. (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോസ് കെ. (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ പ്രിൻസ് കോശി (സെക്ഷൻ സെക്രട്ടറി)

### പത്തനാപുരം വെസ്റ്റ് സെന്റർ

പാസ്റ്റർ പി. എ. ജോയി. (സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ ജി. പി. തരകൻ (അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ മീഖായേൽ സി. ആർ. (സെക്രട്ടറി)

**പത്തനാപുരം വെസ്റ്റ് സെക്ഷൻ :** പാസ്റ്റർ വി. വി. ജോൺ (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോസഫ്കുട്ടി എസ്. (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ സുരേഷ് കുമാർ (സെക്ഷൻ സെക്രട്ടറി)

**ഏനാത്ത് സെക്ഷൻ :** പാസ്റ്റർ രാജൻ മാത്യു (സെക്ഷൻ ശുശ്രൂഷകൻ ), പാസ്റ്റർ ജോസഫ് ജോർജ്ജ് (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ സാംകുട്ടി ദാനിയേൽ (സെക്ഷൻ സെക്രട്ടറി)

## കൊട്ടാരക്കര റീജിയൻ

പാസ്റ്റർ ടി. ജി. ജോർജ്ജ്കുട്ടി (റീജിയൺ രക്ഷാധികാരി), പാസ്റ്റർ ഫിന്നി ജേക്കബ്ബ് (റീജിയൺ ശുശ്രൂഷകൻ), പാസ്റ്റർ കെ. കൊച്ചുമ്മൻ (അസ്സോസിയേറ്റ് റീജിയൺ ശുശ്രൂഷകൻ), പാസ്റ്റർ കെ. വി. ദാനിയേൽകുട്ടി (റീജിയൺ സെക്രട്ടറി)

### കൊട്ടാരക്കര സെന്റർ

പാസ്റ്റർ ഐ. കുഞ്ഞപ്പി (സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ ടി. അലക്സ് മോൻ ( അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ ഡോ. പി. സണ്ണി (സെക്രട്ടറി)

**കൊട്ടാരക്കര സെക്ഷൻ :** പാസ്റ്റർ കെ. എം. ജേക്കബ്ബ് (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോൺസൺ തോമസ് (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോസ് യോഹന്നാൻ (സെക്ഷൻ സെക്രട്ടറി).

**ഓടനാവട്ടം സെക്ഷൻ** : പാസ്റ്റർ നൈനാൻ കെ. ജോർജ്ജ് (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ദാനിയേൽ എം (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ രാജൻ കെ. (സെക്ഷൻ സെക്രട്ടറി)

### ആയൂർ സെന്റർ

പാസ്റ്റർ ഡി. ഫിലിപ്പ്  (സെന്റർ ശുശ്രൂഷകൻ) , പാസ്റ്റർ. ഡി. ജോർജ്ജ്കുട്ടി (അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ വൈ. ജോർജ്ജ്കുട്ടി (സെന്റർ സെക്രട്ടറി)

**ആയൂർ സെക്ഷൻ :** പാസ്റ്റർ ഡി. തങ്കച്ചൻ (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ രാജൻ ഗീവർഗ്ഗീസ് (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ) പാസ്റ്റർ എബിൻ രാജു (സെക്ഷൻ സെക്രട്ടറി)

**ചെങ്കുളം സെക്ഷൻ:** പാസ്റ്റർ സജു പാപ്പച്ചൻ (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ മോനി ശാമുവേൽ (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ അച്ചൻകുഞ്ഞ് ടി. (സെക്ഷൻ സെക്രട്ടറി)

## ശൂരനാട് റീജിയൻ

പാസ്റ്റർ പി. എൽ. തങ്കച്ചൻ (റീജിയൺ രക്ഷാധികാരി), പാസ്റ്റർ എബ്രഹാം ടി. ഐ. (റീജിയൺ ശുശ്രൂഷകൻ), പാസ്റ്റർ  ജോർജ്ജ് ജോൺ (അസ്സോസിയേറ്റ് റീജിയൺ ശുശ്രൂഷകൻ) പാസ്റ്റർ അലക്സാണ്ടർ ഫിലിപ്പ് (റീജിയൺ സെക്രട്ടറി )

### ശൂരനാട് സെന്റർ

പാസ്റ്റർ വി. എം. ജേക്കബ്ബ് (സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ പി. റ്റി. ജോൺ (അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ ഡെന്നി ജോർജ്ജ് (സെന്റർ സെക്രട്ടറി)

**ശൂരനാട് സെക്ഷൻ:** പാസ്റ്റർ മാത്യൂ ടി. (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോയി പി. (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ) പാസ്റ്റർ സാം ജോൺ (സെക്ഷൻ സെക്രട്ടറി)

**കുണ്ടറ സെക്ഷൻ (കൊല്ലം):** പാസ്റ്റർ അജോയ് ജോൺ (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ബിനോ യോഹന്നാൻ (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ സാം തങ്കച്ചൻ (സെക്ഷൻ സെക്രട്ടറി)

### കടമ്പനാട് സെന്റർ

പാസ്റ്റർ കുഞ്ഞുമോൻ കെ. (സെന്റർ ശുശ്രൂഷകൻ) – പാസ്റ്റർ എം. ജോയി (അസ്സോസിയേറ്റ് സെന്റർ ശുശ്രൂഷകൻ), പാസ്റ്റർ സാബു പോൾ (സെന്റർ സെക്രട്ടറി)

**കടമ്പനാട് സെക്ഷൻ :** പാസ്റ്റർ സാം ഗീവറുഗീസ് (സെക്ഷൻ ശുശ്രൂഷകൻ) പാസ്റ്റർ എം. ജി. മോനച്ചൻ (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ജോമോൻ ജെ (സെക്ഷൻ സെക്രട്ടറി)

**കൈതക്കോട് സെക്ഷൻ :** പാസ്റ്റർ ജീ. ജോർജ്ജ് (സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ റെജി ടി. (അസ്സോസിയേറ്റ് സെക്ഷൻ ശുശ്രൂഷകൻ), പാസ്റ്റർ ഷാജി പാപ്പച്ചൻ( സെക്ഷൻ സെക്രട്ടറി)

## തൃശൂർ റീജിയൻ

പാസ്റ്റർ കെ.ജെ.ഫിലിപ്പ് (റീജിയൻ മിനിസ്റ്റർ), പാസ്റ്റർ കെ.ആർ.ജോസ് (അസോ.റീജിയൻ മിനിസ്റ്റർ), പാസ്റ്റർ തോമസ് ബേബി (റീജിയൻ സെക്രട്ടറി)

### തൃശൂർ ഈസ്റ്റ് സെന്റർ

പാസ്റ്റർ കെ.ജെ.ഫിലിപ്പ് (സെന്റർ മിനിസ്റ്റർ), പാസ്റ്റർ സി.എം.സാബു (അസോ.സെന്റർ മിനിസ്റ്റർ), പാസ്റ്റർ പി.എം.ജോൺ (സെന്റർ സെക്രട്ടറി)

**പീച്ചി സെക്ഷൻ :** പാസ്റ്റർ സി.എം.സാബു (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ സനൽ വർഗീസ് (അസോ. സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ പി.ജെ. ജോസഫ് (സെക്ഷൻ സെക്രട്ടറി)

**പറവട്ടാനി സെക്ഷൻ :** പാസ്റ്റർ പി.എം. ജോൺ (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ ഒ.എസ്. ജോർജ് (അസോ.സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ സാബു ജോൺ (സെക്ഷൻ സെക്രട്ടറി).

### തൃശൂർ വെസ്റ്റ് സെന്റർ

പാസ്റ്റർ കെ.വി. ഷാജു (സെന്റർ മിനിസ്റ്റർ), പാസ്റ്റർ ബിജു ജോസഫ് (അസോ.സെന്റർ മിനിസ്റ്റർ), പാസ്റ്റർ ബാബു മോസസ് (സെന്റർ സെക്രട്ടറി).

**മണ്ണുത്തി സെക്ഷൻ:** പാസ്റ്റർ ബിജു ജോസഫ് (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ പി.യു. ജോർജ് (അസോ.സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ പി.റ്റി. ജോൺ (സെക്ഷൻ സെക്രട്ടറി)

**അഞ്ചേരി സെക്ഷൻ** : പാസ്റ്റർ ബാബു മോസസ് (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ ഇ.കെ.ബേബി (അസോ.സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ വി.പി. പൗലോസ് (സെക്ഷൻ സെക്രട്ടറി).

### കുന്നംകുളം സെന്റർ

പാസ്റ്റർ തോമസ് ബേബി (സെന്റർ മിനിസ്റ്റർ), പാസ്റ്റർ റോയിമോൻ സി.മാത്യു (സെക്രട്ടറി)

**കുന്നംകുളം സെക്ഷൻ:** പാസ്റ്റർ റോയിമോൻ സി. മാത്യു (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ കെ.എൻ.മണി (അസോ.സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ റ്റി.വൈ.ജയിംസ് (സെക്ഷൻ സെക്രട്ടറി)

**ചേലക്കര സെക്ഷൻ** : പാസ്റ്റർ ജോബി വർഗീസ് (സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ കെ.കെ.മണി (അസോ.സെക്ഷൻ മിനിസ്റ്റർ), പാസ്റ്റർ  രാജേന്ദ്രപ്രസാദ് (സെക്ഷൻ സെക്രട്ടറി).



# ശാരോൻ ഫെലോഷിപ്പ് ചർച്ച്

## ഓഫീസ് ബിൽഡിങ്ങ് ഫണ്ട് (വരവ്)

**തിരുവല്ല സെന്റർ**

| | |
|---|---|
| തോട്ടഭാഗം | 2000.00 |
| തിരുവല്ല ടൗൺ | 3550.00 |
| മഞ്ഞാടി | 3000.00 |
| കണ്ണാടി | 700.00 |
| ചമ്പക്കുളം | 2000.00 |
| മുട്ടുമൺ | 2500.00 |
| പഴമ്പള്ളി | 3000.00 |
| കുറ്റപ്പുഴ | 2000.00 |
| കുന്നന്താനം | 1600.00 |
| വൈശ്യംഭാഗം | 260.00 |
| പടഹാരം | 200.00 |
| മംഗലം | 1000.00 |
| പുല്ലങ്ങടി | 150.00 |
| തലവടി | 650.00 |

**തിരുവല്ല വെസ്റ്റ് സെന്റർ**

| | |
|---|---|
| ചാത്തങ്കരി | 10000.00 |
| പരുമല | 1130.00 |
| മണിപ്പുഴ | 5326.00 |
| കടപ്ര | 2500.00 |
| വളഞ്ഞവട്ടം | 1750.00 |
| മേൽപ്പാടം | 2000.00 |
| ഗലീല | 350.00 |
| കാരിച്ചാൽ | 3200.00 |
| വെൺപാല | 3000.00 |

**കുമ്പനാട് സെന്റർ**

| | |
|---|---|
| കവുംങ്ങുംപ്രയാർ | 4000.00 |
| ഓതറ വെസ്റ്റ് | 3150.00 |
| കുഴിക്കാല | 10000.00 |
| ഓതറ ഈസ്റ്റ് | 1050.00 |
| പുല്ലാട് | 1000.00 |
| വള്ളംകുളം | 2900.00 |
| നെല്ലാട് | 1200.00 |
| പൊയ്കയിൽപടി | 400.00 |
| തെക്കേമല | 2300.00 |
| പാട്ടക്കാല | 1000.00 |

**ആലുവ സെന്റർ**

| | |
|---|---|
| അങ്കമാലി | 10000.00 |
| അശോകപുരം | 5000.00 |
| കൊരട്ടി | 1000.00 |
| അമ്പലമേട് | 1500.00 |
| തിരുവാണിയൂർ | 1300.00 |
| മുളന്തുരുത്തി | 500.00 |
| പള്ളിക്കര | 1500.00 |
| മംഗലത്തുനട | 500.00 |
| കടയിരുപ്പ് | 750.00 |
| കരിമുകൾ | 1100.00 |
| വെമ്പിള്ളി | 500.00 |
| ശ്രീമൂലനഗരം | 500.00 |
| ചൂരക്കോട് | 1000.00 |
| മാമലശേരി | 500.00 |
| ആലുവടൗൺ | 1000.00 |
| വലമ്പൂർ | 1000.00 |
| കീഴ്മാട് | 500.00 |
| കാഞ്ഞിരമറ്റം | 200.00 |
| നീലീശ്വരം | 1000.00 |
| മാമല | 1000.00 |
| പുത്തൻകുരിശ് | 1000.00 |

**അടൂർ സെന്റർ**

| | |
|---|---|
| മണക്കാല | 10000.00 |
| പന്നിവിഴ | 2000.00 |
| വയല | 3000.00 |
| തുമ്പമൺ | 6500.00 |
| ഏനാത്ത് | 1000.00 |
| പഴകുളം | 2250.00 |
| മെതുകുമ്മേൽ | 10000.00 |
| പിടവൂർ | 1000.00 |

**ചെങ്ങന്നൂർ സെന്റർ**

| | |
|---|---|
| കൊഴുവല്ലൂർ | 370.00 |
| മനയ്ക്കച്ചിറ | 2510.00 |
| കുറിച്ചിമുട്ടം | 2050.00 |
| തുമ്പമൺതാഴം | 2000.00 |
| മുണ്ടിയപ്പള്ളി | 10000.00 |
| ഊന്നുകൽ | 850.00 |
| ആറന്മുള | 5000.00 |
| ചെങ്ങന്നൂർ | 1770.00 |
| മുളക്കുഴ | 250.00 |
| പെണ്ണുക്കര | 1000.00 |
| മെഴുവേലി | 8000.00 |
| നാരകത്താനി | 500.00 |
| പൂങ്കാവ് | 250.00 |
| ചിറയിറമ്പ് | 500.00 |
| മാമ്പിലാലിൽ | 500.00 |

**കോട്ടയം സെന്റർ**

| | |
|---|---|
| ചാമംപതാൽ | 900.00 |
| പൊന്തെങ്ങൽ | 320.00 |
| കോട്ടയം ടൗൺ | 1000.00 |
| കാനം | 500.00 |
| പുളിക്കൽകവല | 3000.00 |
| കോരുത്തോട് | 500.00 |
| കാഞ്ഞിരപ്പാറ | 1000.00 |
| കുറ്റിക്കൽ | 550.00 |
| മറ്റക്കര | 1000.00 |
| വാഴൂർ | 3140.00 |
| മുണ്ടക്കയം | 670.00 |
| കാഞ്ഞിരപ്പള്ളി | 550.00 |
| വെള്ളൂർ | 500.00 |

**കൊച്ചി സെന്റർ**

| | |
|---|---|
| ജഡ്ജമുക്ക് | 500.00 |
| വൈറ്റില | 50156.00 |
| പാലാരിവട്ടം | 2000.00 |
| കുറുപ്പന്തറ | 1150.00 |
| പെരുവ | 1000.00 |
| തൈക്കൂടം | 5000.00 |
| തമ്മനം | 2000.00 |

**കൊട്ടാരക്കര സെന്റർ**

| | |
|---|---|
| നല്ലില | 3220.00 |
| ചെങ്കുളം | 5000.00 |
| നെല്ലിക്കുന്നം | 1000.00 |
| തൃക്കണ്ണം മംഗൽ | 5000.00 |
| പ്ലാപ്പള്ളി | 2000.00 |
| ആയൂർ | 1000.00 |
| കരിക്കം | 3000.00 |
| അമ്പലപ്പുറം | 2500.00 |
| ചക്കുവരയ്ക്കൽ | 2200.00 |
| നീലീശ്വരം | 2000.00 |
| ചാത്തന്നൂർ | 2000.00 |
| കല്ലുവാതുക്കൽ | 1000.00 |
| നാൽക്കവല | 2000.00 |

**ഹൈറേഞ്ച് സെന്റർ**

| | |
|---|---|
| പീരുമേട് | 500.00 |
| കട്ടപ്പന | 1500.00 |

**മാവേലിക്കര സെന്റർ**

| | |
|---|---|
| പരിമണം | 380.00 |
| ഹരിപ്പാട് | 250.00 |
| നഞ്ഞാർകുളങ്ങര | 8250.00 |
| തേവേരി | 500.00 |
| ചെന്നിത്തല നോർത്ത് | 1500.00 |
| മുതുകുളം | 1000.00 |
| ചെന്നിത്തല സൗത്ത് | 650.00 |
| മാങ്കാംകുഴി | 1750.00 |
| കാരാഴ്മ | 2200.00 |
| ആയാപറമ്പ് | 1000.00 |

